# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ :1273.

~~11.06~~ 01.07.2015 -ൽ മറുപടിയ്ക്ക്

## ഉപഭോക്തൃ ഫോറങ്ങളുടെ പ്രവർത്തനം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. വി.റ്റി. ബൽറാം. | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും<br>വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനതലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും ജില്ലാതലങ്ങളിൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഫോറത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദീകരിക്കാമോ; | (ബി) | 1986 ലെ ദേശീയ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ദേശീയ സംസ്ഥാന കമ്മീഷനുകളും ജില്ലാ ഫോറങ്ങളും പ്രവർത്തിച്ചു വരുന്നത്. ഉപഭോക്താവ് എന്ന നിലയിലുള്ള പൊതുജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുകയാണ് പ്രധാനമായും കമ്മീഷന്റേയും ഫോറങ്ങളുടേയും പ്രവർത്തനം വഴി ലക്ഷ്യമിടുന്നത്. ഉപഭോക്താവിന്റെ സുരക്ഷയ്ക്കുള്ള അവകാശം, ഉല്പന്നം/ സേവനം സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും അറിയാനുള്ള അവകാശം, തെരഞ്ഞെടുക്കുവാനുള്ള അവകാശം, പരാതിപ്പെടാനുള്ള അവകാശം, പരിഹാരം തേടാനുള്ള അവകാശം, ഉപഭോക്തൃ വിദ്യാഭ്യാസത്തിനുള്ള അവകാശം എന്നിവ സംരക്ഷിക്കപ്പെടേണ്ടതും ഇവയുടെ പ്രധാന ലക്ഷ്യത്തിൽപ്പെടുന്നു. ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ വേഗത്തിൽ പരാതി പരിഹാരം ലഭ്യമാക്കുക എന്നതും കമ്മീഷൻ/ ഫോറങ്ങൾ ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (സി) | ഉപഭോക്തൃഫോറങ്ങൾ പുന:സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ; | (സി) & (ഡി) | ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമാണ് ഉപഭോക്തൃ ഫോറങ്ങളിൽ നിയമനം നടത്തുന്നത്. പ്രസിഡന്റുമാരുടേയും അംഗങ്ങളുടേയും നിയമന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകൾ നികത്തുകയാണ് ചെയ്യുന്നത്. 5 വർഷം തികയുന്നതോ അല്ലെങ്കിൽ 65 വയസ്സ് പൂർത്തിയാകുന്നതോ ഏതാണോ ആദ്യം എന്നതാണ് പ്രസിഡണ്ടുമാരുടേയും അംഗങ്ങളുടേയും നിയമന കാലാവധി. എല്ലാ ജില്ലാ ഫോറങ്ങളിലേയും ഒഴിവുകൾ സമയ ബന്ധിതമായി നികത്തുന്നുണ്ട്. |
| (ഡി) | ഇത്തരം ഫോറങ്ങൾ പ്രാദേശികമായി പുന:സംഘടിപ്പിക്കുന്നത് പരിഗണിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ.